സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ്ക്വാർട്ടേഴ്സ്, നന്തൻകോട്, തിരുവനന്തപുരം-695003
ഇ-മെയിൽ secretarytdbtvm@gmail.com

ആർ.ഒ.സി. നമ്പർ 5520/23/ലാന്റ്

ദേവസ്വം ബോർഡാഫീസ്,
തിരുവനന്തപുരം,01.06.2023

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജൂൺ 5 പരിസ്ഥിതി ദിനം ആചരിക്കുന്നത് സംബന്ധിച്ച്.

സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളും പരിസര പ്രദേശങ്ങളും ശുചിയായി സംരക്ഷിക്കുക എന്ന ലക്ഷ്യത്തിനായി "ദേവാങ്കണം ചാരുഹരിതം" എന്ന സന്ദേശമുയർത്തി ജൂൺ 5-ന് പരിസ്ഥിതി ദിനം ആചരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് സുമംഗലി കല്യാണ മണ്ഡപത്തിൽ വച്ച് 05.06.2023 രാവിലെ 10 മണിക്ക് ബഹു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അവർകളുടെ അദ്ധ്യക്ഷതയിൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ചു.

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ജൂൺ 5-ന് ദേവാങ്കണം ചാരുഹരിതം എന്ന പദ്ധതി ബോർഡിന്റെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ഓഫീസുകളിലും നടപ്പിലാക്കുന്നതിന് തീരുമാനിക്കുന്നു. ആയതിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൂൺ 5 ദേവസ്വം ബോർഡ് പരിസ്ഥിതി ദിനമായി ആചരിക്കാൻ തീരുമാനിച്ചു. അന്നേ ദിവസം എല്ലാ ക്ഷേത്രങ്ങളുടെയും ഓഫീസുകളുടെയും പരിസരം വൃത്തിയായി പരിപാലിക്കേണ്ടതാണ്.
2. എല്ലാ ഓഫീസുകളുടെയും ക്ഷേത്രങ്ങളുടെയും പരിസരം ദേവസ്വം ജീവനക്കാരുടേയും ഉപദേശക സമിതിയുടെയും ചുമതലയിൽ ശുചിയാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കേണ്ടതാണ്.
3. അന്നേ ദിവസം രാവിലെ 10 മണിക്ക് എല്ലാ ക്ഷേത്രങ്ങളിലും ഭക്ത ജനങ്ങളുടെയും ഉപദേശക സമിതികളുടെയും ദേവസ്വം ജീവനക്കാരുടെയും സഹകരണത്തോടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും ആഫീസുകളോട് ചേർന്നുള്ള സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നടുന്നതിന് തീരുമാനിച്ചു.
4. ക്ഷേത്ര പരിസരങ്ങൾ പ്ലാസ്റ്റിക് മുക്തമാക്കേണ്ടതാണ്. ക്ഷേത്രങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതാണ്.

5. സ്പോൺസർമാരുടെ സഹായത്തോടെ ക്ഷേത്രങ്ങളിൽ ഉറവിട ജൈവ മാലിന്യ സംസ്കരണം നടപ്പാക്കുക.
6. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
7. ആഫീസുകളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ളതും ഉത്സവപ്രചാരണത്തിനായി സ്ഥാപിച്ചിട്ടുള്ളതുമായ ബോർഡുകളും തോരണങ്ങളും കമാനങ്ങളും സമയബന്ധിതമായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ബോർഡ് ആസ്ഥാനത്ത് നടത്തുന്ന ഉദ്ഘാടന ചടങ്ങിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് ദേവസ്വം കമ്മീഷണറെയും ചീഫ് എഞ്ചിനീയറെയും കൾച്ചറൽ ഡയറക്ടറെയും ചുമതലപ്പെടുത്തുന്നു. കൂടാതെ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വൃക്ഷത്തൈകൾ നടുന്ന സ്ഥലത്ത് ആവശ്യമായ ഒരുക്കങ്ങൾ വരുത്തുന്നതിനും വൃക്ഷത്തൈകൾ ലഭ്യമാക്കുന്നതിനും ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

ഗ്രൂപ്പുകളിലെ ക്ഷേത്രങ്ങളിൽ ദേവാങ്കണം ചാരുഹരിതം നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സബ്ഗ്രൂപ്പ് ആഫീസർമാർ, ആഫീസ് മേധാവികൾ എന്നിവരെ ചുമതലപ്പെടുത്തുന്നു.

കോമ്പൗണ്ടിലെ എല്ലാ ജീവനക്കാരും 05.06.2023-ന് രാവിലെ 10 മണിക്ക് മുൻപായി ദേവസ്വം ബോർഡ് ആസ്ഥാനത്ത് ഹാജരായി ദേവാങ്കണം ചാരുഹരിതം പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്.

സെക്രട്ടറി
അസിസ്റ്റന്റ് സെക്രട്ടറി 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ്:-
1. ദേവസ്വം കമ്മീഷണർ ആഫീസ്
2. ചീഫ് എഞ്ചിനീയർ ആഫീസ്
3. തിരുവാഭരണം കമ്മീഷണർ ആഫീസ്
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസ്
5. കൾച്ചറൽ ഡയറക്ടർ ആഫീസ്
6. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
7. ദേവസ്വം അക്കൗണ്ട്സ് ആഫീസ്
8. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
9. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
10. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
11. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
12. എല്ലാ ആഡിറ്റ് ആഫീസർമാർക്കും
13. എല്ലാ വിജിലൻസ് ആഫീസർമാർക്കും
14. ഐ.റ്റി ഡിവിഷൻ
15. സെക്ഷൻ ഫയൽ
16. ഫെയർ ഓഫീസ് കോപ്പി